# ‘‘കൈകൊട്ടുവിൻ ’’

സങ്കീർത്തനങ്ങൾ 47:1

‘‘സകല ജാതികളുമായുള്ളോരെ, കൈകൊട്ടുവിൻ; ജയഘോഷത്തോടെ ദൈവസന്നിധിയിൽ ആർക്കുവിൻ.’’

ഒരു വിജയത്തിന്റെ കാഹളധ്വനിയാണ് ഈ വാക്യത്തിൽ കാണുന്നത്. ‘‘കൈകൊട്ടുവിൻ’’ എന്ന ആഹ്വാനത്തോടെ സങ്കീർത്തനം ആരംഭിക്കുന്നു. കൈകൾ കൊട്ടുന്നത് അഥവാ കൂട്ടി അടിക്കുന്നത് ആഹ്ലാദത്തിന്റെ ലക്ഷണമാണ്. അങ്ങനെയെങ്കിൽ ആഹ്ലാദത്തോടെ വിജയ ധ്വനിയോടെ ദൈവസന്നിധിയിൽ നാം കടന്നു ചെല്ലണം എന്ന താണ് ദൈവഹിതം.

ഒരു ഫുട്ബോൾ മാച്ച് അല്ലെങ്കിൽ താൽപര്യമുള്ള മറ്റു വിഷയങ്ങളിൽ ഒരു ജയം കാണുമ്പോൾ, അത് നമുക്ക് ആസ്വദിക്കാൻ കഴിയും. കൈകൾ ഉച്ചസ്വരത്തിൽ കൊട്ടുവാൻ സാധിക്കും. അതൊക്കെ ഹൃദയം നിറഞ്ഞു കവിയുന്ന സന്തോഷത്തിന്റെ ഭാഷ ആകുന്നു. അത് നിറഞ്ഞ മനസ്സോടെ പുറത്തേക്ക് ഒഴുകുന്നു.

അങ്ങനെയെങ്കിൽ പ്രിയ സോദരരെ! ദൈവ സന്നിധിയിൽ വരുമ്പോൾ ‘കൈകൊട്ടുവിൻ’ എന്ന ദൈവവചനത്തിന്റെ ആഴം എത്രയധികമായി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. എത്ര സന്തോഷത്തോടെ കടന്നു ചെല്ലാൻ കഴിയുന്നുണ്ട്. ഹൃദയം നിറഞ്ഞ അനുഭവം വന്നെങ്കിലേ കൈകൾ കൂട്ടിയടിക്കൂ. ഒരു മാച്ചിന്റെ ജയഘോഷത്തിൽ എഴുന്നേറ്റു നിന്ന് കാണികളോടൊപ്പം കൈകൾകൊട്ടി പങ്കു ചേരാമെങ്കിൽ ദൈവസാന്നിധ്യം അനുഭവിക്കുന്ന ഒരോ നിമിഷവും കൈകളുടെ കൂട്ടിയടിയുടെ ആരവം ഹൃദയത്തിൽ മുഴങ്ങേണ്ടാതാകുന്നു.

രക്ഷകനും വീണ്ടെടുപ്പുകാരനുമായ ദൈവത്തിന്റെ സ്നേഹം നിറയുമ്പോൾ ജയഘോഷം ഒഴുകും. കഴിഞ്ഞ കാലങ്ങളിൽ ലഭിച്ച ഒരു രോഗ സൗഖ്യമോ Promotion എന്നതിലുപരി ‘ദൈവം അത്യുന്നതൻ ആകുന്നു, അവൻ ഭയങ്കരൻ ആകുന്നു, സർവ്വ ഭൂമിക്കും രാജാവാകുന്നു, വംശങ്ങളെ കാൽക്കീഴിൽ ആക്കുന്നു. നമ്മുടെ അവകാശത്തെ തിരഞ്ഞെടുത്തു തന്നു’’. (Psalms 47:2,4) എന്ന ഉറച്ച ബോധ്യം ഭരിക്കാൻ ഇടയാകട്ടെ. ഈ സത്യമായ ചിന്ത ആരാധനയിങ്കലേക്ക് നയിക്കട്ടെ.

നിറഞ്ഞ ഉത്സാഹത്തോടെ, ആദരവോടെ ദൈവസന്നിധിയിൽ ആയിരിപ്പാൻ ഈ വചനം സഹായിക്കട്ടെ. കൈകൾകൊട്ടി ജയഘോഷത്തോടെ ആർത്തുകൊണ്ട് ഉന്നതനായ ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കാൻ നമുക്കു ഏൽപ്പിച്ചു കൊടുക്കാം.

പരാമർശം :

സങ്കീർത്തനങ്ങൾ 18:49

അതുകൊണ്ടു യഹോവേ, ഞാൻ ജാതികളുടെ മദ്ധ്യേ നിനക്കു സ്തോത്രം ചെയ്യും; നിന്റെ നാമത്തെ ഞാൻ കീർത്തിക്കും.

സങ്കീർത്തനങ്ങൾ 98:7,8

സമുദ്രവും അതിന്റെ നിറെവും ഭൂതലവും അതിൽ വസിക്കുന്നവരും മുഴങ്ങട്ടെ. പ്രവാഹങ്ങൾ കൈകൊട്ടട്ടെ; പർവ്വതങ്ങൾ ഒരുപോലെ യഹോവയുടെ മുമ്പാകെ ഉല്ലസിച്ചു ഘോഷിക്കട്ടെ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 062